ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE :01.05.2026**

## പ്രധാനവാർത്തകൾ

1. കേരളം ഉൾപ്പെടെയുള്ള നാല് സംസ്ഥാനങ്ങളിലെയും പുതുച്ചേരിയിലെയും ജനവിധി തിങ്കളാഴ്ച അറിയാം ; വോട്ടെണ്ണലിനുള്ള ഒരുക്കങ്ങൾ അന്തിമഘട്ടത്തിൽ.

2. സംസ്ഥാനത്ത് 43 സ്ഥലങ്ങളിലായി 140 വോട്ടെണ്ണൽ കേന്ദ്രങ്ങൾ സജ്ജം; വോട്ടെണ്ണലിനായി 15000 ൽ അധികം ഉദ്യോഗസ്ഥർ.

3. പൗരത്വ ഭേദഗതി ചട്ടങ്ങൾ 2026 കേന്ദ്ര ആഭ്യന്തര മന്ത്രാലയം വിജ്ഞാപനം ചെയ്തു.

4. രാജ്യത്ത് വാണിജ്യ ആവശ്യങ്ങൾക്കുള്ള 19 കിലോ എൽ.പി.ജി സിലിണ്ടറുകളുടെ വില വർധിപ്പിച്ചു; ഗാർഹിക സിലണ്ടറുകളുടെ വിലയിൽ മാറ്റമില്ല.

5. സംസ്ഥാനത്ത് ഇന്ന് മുതൽ നാല് ദിവസത്തേക്ക് ഇടിമിന്നലോട് കൂടിയ മഴയക്ക് സാധ്യത; ഏഴ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത.

6. ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് രാജസ്ഥാൻ റോയൽസ് - ഡൽഹി ക്യാപിറ്റൽസ് പോരാട്ടം.

&&&&&&&&&&&&&&&&&

RNU TVPM

നിയമസഭാ തിരഞ്ഞെടുപ്പ്- വോട്ടെണ്ണൽ

നിയമസഭാ തിരഞ്ഞെടുപ്പ് നടന്ന കേരളം, തമിഴ്നാട്, പശ്ചിമബംഗാൾ, അസം, പുതുച്ചേരി എന്നിവിടങ്ങളിൽ വോട്ടെണ്ണലിനുള്ള ക്രമീകരണങ്ങൾ ഊർജ്ജിതമായി പുരോഗമിക്കുന്നു. തിങ്കളാഴ്ച രാവിലെ എട്ട് മണിക്ക് വോട്ടെണ്ണൽ ആരംഭിക്കും. ആദ്യം തപാൽ വോട്ടുകളാവും എണ്ണുക. വോട്ടെണ്ണൽ കേന്ദ്രങ്ങളിൽ പ്രവേശിക്കുന്നതിന് റിട്ടേണിങ് ഓഫിസർ അടക്കമുള്ളവർക്ക് ക്യൂആർ കോഡ് അധിഷ്ഠിത സംവിധാനമാണ് തെരഞ്ഞെടുപ്പ് കമ്മീഷൻ ഏർപ്പെടുത്തിയിട്ടുള്ളത്.

&&&&&&&&&&&&&&&&&

വോട്ടെണ്ണൽ- കേരളം (ഇൻട്രോ)

സംസ്ഥാനത്ത് നിയമസഭാ തെരഞ്ഞെടുപ്പിന്റെ വോട്ടെണ്ണലിനായുള്ള ഒരുക്കങ്ങൾ അവസാന ഘട്ടത്തിലേക്ക്. 43 സ്ഥലങ്ങളിലായി 140 കേന്ദ്രങ്ങളിലാണ് വോട്ടെണ്ണൽ ക്രമീകരിച്ചിരിക്കുന്നത്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി.....**

(ഹോൾഡ് വോയിസ്)

&&&&&&&&&&&&&&&&&

പൗരത്വ ഭേദഗതി ചട്ടം

പൗരത്വ ഭേദഗതി ചട്ടങ്ങൾ 2026 കേന്ദ്ര ആഭ്യന്തര മന്ത്രാലയം വിജ്ഞാപനം ചെയ്തു. വിദേശ പൗരത്വമുള്ള ഇന്ത്യൻ വംശജർക്ക് നൽകുന്ന ഒ.സി.ഐ കാർഡുകൾ, പൗരത്വ അപേക്ഷകൾ

RNU TVPM

എന്നിവയിലാണ് പ്രധാന പരിഷ്കാരങ്ങൾ വരുത്തിയിരിക്കുന്നത്. 2009-ലെ പൗരത്വ നിയമത്തിലാണ് ഭേദഗതികൾ വരുത്തിയത്. ഇന്ത്യൻ പാസ്പോർട്ടുള്ള പ്രായപൂർത്തിയാകാത്ത കുട്ടികൾക്ക് ഒരേസമയം മറ്റൊരു രാജ്യത്തെയും പാസ്പോർട്ട് കൈവശം വെക്കാൻ അനുവാദമുണ്ടാവില്ലെന്ന് മന്ത്രാലയം വ്യക്തമാക്കി. ഒ.സി.ഐ കാർഡ് രജിസ്ട്രേഷനും റദ്ദാക്കലിനുമുള്ള എല്ലാ അപേക്ഷകളും ഇനി മുതൽ ഔദ്യോഗിക പോർട്ടൽ വഴി ഓൺലൈനായി മാത്രമേ സമർപ്പിക്കാവൂ എന്നും വിജ്ഞാപനത്തിൽ പറയുന്നു.

&&&&&&&&&&&&&&&&&

## എൽ പി ജി -ഇന്ത്യൻ ഓയിൽ

രാജ്യത്ത് വാണിജ്യ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന 19 കിലോ എൽ.പി.ജി സിലിണ്ടറുകളുടെ വില വർധിപ്പിച്ചു. സിലിണ്ടറിന് 993 രൂപയാണ് വർധിപ്പിച്ചത്. ഇതോടെ ഡൽഹിയിൽ പുതുക്കിയ വില 3,071 രൂപ 50 പൈസയായി. പുതുക്കിയ നിരക്കുകൾ ഇന്ന് മുതൽ നിലവിൽ വന്നു. എന്നാൽ ഗാർഹിക ആവശ്യങ്ങൾക്കുള്ള സിലിണ്ടറുകളുടെ വിലയിൽ മാറ്റമില്ല. അതേസമയം, രാജ്യത്തെ പെട്രോൾ, ഡീസൽ വിലയിൽ മാറ്റമില്ലെന്ന് ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ ലിമിറ്റഡ് അറിയിച്ചു. ഏകദേശം 33 കോടി ഉപഭോക്താക്കൾ ഉപയോഗിക്കുന്ന 14.2 കിലോയുടെ ഗാർഹിക സിലിണ്ടറുകളുടെ വിലയിലും മാറ്റം വരുത്തിയിട്ടില്ലെന്ന് കമ്പനി പ്രസ്താവനയിൽ വ്യക്തമാക്കി. പൊതുവിതരണ കേന്ദ്രങ്ങൾ വഴി നൽകുന്ന മണ്ണെണ്ണയുടെയും, ആഭ്യന്തര വിമാന സർവീസുകൾക്കുള്ള ഇന്ധനത്തിന്റെയും വില വർധിപ്പിച്ചിട്ടില്ല. അതേസമയം വാണിജ്യ സിലിണ്ടറുകളുടെ വില വർധനയിൽ പ്രതിഷേധിച്ച് സംസ്ഥാനത്ത് ബുധനാഴ്ച ഹോട്ടലുകൾ അടച്ചിട്ട് പ്രതിഷേധിക്കുമെന്ന് ഹോട്ടൽ ആൻറ് റസ്റ്റോറൻറ് അസോസിയേഷൻ ഭാരവാഹികൾ അറിയിച്ചു.

&&&&&&&&&&&&&&&&&

RNUTVPM

ബുദ്ധപൂർണ്ണിമ- രാഷ്ട്രപതി, അമിത്ഷാ

ബുദ്ധപൂർണ്ണിമ ദിനമായ ഇന്ന് ലോകമെമ്പാടുമുള്ള ബുദ്ധ മത വിശ്വാസികൾക്ക് രാഷ്ട്രപതി ദ്രൗപദി മുർമു, പ്രധാനമന്ത്രി നരേന്ദ്രമോദി ഉൾപ്പെടെയുള്ള പ്രമുഖർ ആശംസകൾ നേർന്നു. ലേയിലെ ചോഗ്ലാംസറിൽ ശ്രീബുദ്ധന്റെ വിശുദ്ധ തിരുശേഷിപ്പുക്കളുടെ പ്രദർശനവും 2,569-ാമത് ബുദ്ധ പൂർണിമ ആഘോഷങ്ങളും കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ ഉദ്ഘാടനം ചെയ്തു. ഗൗതമബുദ്ധൻ ജനിച്ചതും നിർവാണം പ്രാപിച്ചതുമായ ദിനമാണ് ബുദ്ധ പൂർണിമയായി ആഘോഷിക്കുന്നത്.

&&&&&&&&&&&&&&&&&

ആന ഇടഞ്ഞു- എറണാകുളം, തൃശ്ശൂർ

സംസ്ഥാനത്ത് ഇന്ന് എറണാകുളത്തും തൃശ്ശൂരും ആനകളുടെ ആക്രമണത്തിൽ രണ്ട് പേർ കൊല്ലപ്പെട്ടു. പാപ്പാനും ആനയെ എത്തിച്ച വാഹനത്തിൻറെ ഡ്രൈവറുമാണ് കൊല്ലപ്പെട്ടത്. അങ്കമാലിക്കടുത്ത് കിടങ്ങൂർ മഹാവിഷ്ണു ക്ഷേത്രത്തിൽ ഇടഞ്ഞ ആനയുടെ കുത്തേറ്റ് ലോറി ഡ്രൈവർ വിഷ്ണുവാണ് മരിച്ചത്. ആനയുടെ കുത്തേറ്റ പാപ്പാൻ പ്രദീപ് അങ്കമാലിയിലെ ആശുപത്രിയിൽ ചികിത്സയിലാണ്. കൊല്ലം മയ്യനാട് അരുണിമ പാർഥസാരഥിയെന്ന ആനയാണ് ഇടഞ്ഞത്.

RNU TVPM

&&&&&&&&&&&&&&&&&

തൃശ്ശൂർ ആന ഇടഞ്ഞു

ഇരിഞ്ഞാലക്കുട കൂടൽമാണിക്യം ക്ഷേത്രത്തിൽ ഉത്സവത്തിന് എത്തിച്ച ആനയുടെ ആക്രമണത്തിൽ രണ്ടാം പാപ്പാൻ ശ്രീക്കുട്ടനാണ് കൊല്ലപ്പെട്ടത്. 25 വയസായിരുന്നു. ഇന്ന് ഉച്ചയോടെയാണ് സംഭവം. പരിക്കേറ്റ ഒന്നാം പാപ്പാൻ അമൽ

ചികിത്സയിലാണ്. വാഴ്വാടി കാശിനാഥൻ എന്ന ആനയാണ് ഇടഞ്ഞത്.

**&&&&&&&&&&&&&&&&&**

<u>മംഗളാദേവി- ഇൻട്രോ</u>

മംഗളാദേവി ക്ഷേത്രത്തിലെ ചിത്രാപൗർണ്ണമി ഉത്സവം ഭക്തിസാന്ദ്രമായ അന്തരീക്ഷത്തിൽ സമാപിച്ചു. കേരളത്തിൽ നിന്നും തമിഴ്നാട്ടിൽ നിന്നും പതിനായിരക്കണക്കിന് ഭക്തരാണ് ചിത്തിര പൗർണ്ണമി നാളിൽ ദർശനത്തിനായി പെരിയാർ കടുവ സങ്കേതത്തിനുള്ളിലെ ക്ഷേത്രത്തിലെത്തിയത്.

വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി
രതീഷ് കൃഷ്ണ.....

(ഹോൾഡ് വോയിസ്)

RNUTVPM

**&&&&&&&&&&&&&&&&&**

<u>മംഗളാദേവി- അപകടം</u>

അതേസമയം മംഗളാദേവി ക്ഷേത്രോത്സവത്തിനിടെയുണ്ടായ ഇടിമിന്നലിൽ പോലീസുകാരനും അഞ്ച് ഭക്തർക്കും പരിക്കേറ്റു. ഇടുക്കി ഡിഎച്ച്ക്യുവിലെ സി.പി.ഒ. അൻസാർ, തിരുവനന്തപുരം ആഴിമല സ്വദേശി വിഷ്ണു, തൃശൂർ സ്വദേശിനി രമ്യ എന്നിവരാണ് പരിക്കേറ്റ മലയാളികൾ. മറ്റു മൂന്ന് പേർ തമിഴ്നാട് സ്വദേശികളാണ്. പരിക്കേറ്റ എല്ലാവരെയും ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

**&&&&&&&&&&&&&&&&&**

<u>കാലാവസ്ഥാ</u>

സംസ്ഥാനത്ത് വിവിധയിടങ്ങളിൽ ഇന്ന് മുതൽ ചൊവ്വാഴ്ച വരെ ഇടിമിന്നലോട് കൂടിയ മഴയക്ക് സാധ്യത. ഏഴ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം, മലപ്പുറം, വയനാട്, കണ്ണൂർ ജില്ലകളിലാണ് മഞ്ഞ ജാഗ്രതാ നിർദ്ദേശമുള്ളത്. അതേസമയം വിവിധ ജില്ലകളിൽ പകൽ സമയങ്ങളിൽ ഉയർന്ന അൾട്രാവയലറ്റ് സൂചിക രേഖപ്പെടുത്തുന്നതിനാൽ ജനങ്ങൾ ജാഗ്രത പാലിക്കണമെന്നും നിർദ്ദേശമുണ്ട്.

&&&&&&&&&&&&&&&&&

ഇടുക്കി- മഴക്കെടുതി

ഇടുക്കി നെടുങ്കണ്ടത്ത് കാറ്റിലും മഴയിലും വീട് തകർന്നു. നെടുങ്കണ്ടം കൗന്തിയിൽ ബാബുവിന്റെ വീടാണ് ഭാഗികമായി തകർന്നത്. ആർക്കും പരിക്കില്ല. വീടിന്റെ മേൽക്കൂരയും ഭിത്തിയുടെ ഒരു ഭാഗവും തകർന്ന നിലയിലാണ്.

&&&&&&&&&&&&&&&&&

ഐപിഎൽ ക്രിക്കറ്റ്

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് രാജസ്ഥാൻ റോയൽസ് - ഡൽഹി ക്യാപിറ്റൽസ് പോരാട്ടം. ജയ്പൂരിലെ സവായ് മാൻസിംഗ് സ്റ്റേഡിയത്തിൽ രാത്രി 7.30 നാണ് മത്സരം. പോയിന്റ് പട്ടികയിൽ രാജസ്ഥാൻ റോയൽസ് നാലാം സ്ഥാനത്തും ഡൽഹി ക്യാപിറ്റൽസ് ഏഴാം സ്ഥാനത്തുമാണ്.

&&&&&&&&&&&&&&&&&

പോലീസ്കേസെടുത്തു

അതീവ സുരക്ഷാ മേഖലയായ ശബരിമലയിൽ നട അടച്ചിരുന്ന സമയത്ത് വീഡിയോ ചിത്രീകരിച്ച വ്ളോഗർക്കെതിരെ

RNU TVPM

പമ്പ പോലീസ് കേസെടുത്തു. സംഭവത്തിൽ സ്പെഷ്യൽ കമ്മീഷ്ണർ ആർ ജയകൃഷ്ണൻ, പമ്പ പൊലീസിനോടും വനം വകുപ്പിനോടും റിപ്പോർട്ട് തേടിയിരുന്നു. പിന്നാലെയാണ് പൊലീസ് കേസെടുക്കുന്നത്. വിഡിയോ യൂട്യൂബിൽ നിന്നും നീക്കം ചെയ്തു. നട അടച്ചു കഴിഞ്ഞാൽ അധികൃതർക്കല്ലാതെ, ആർക്കും പ്രവേശനം അനുവദിക്കാത്ത, മേഖലയിൽ വ്ളോഗർ എങ്ങനെ എത്തി എന്നത് അന്വേഷിക്കും.

&&&&&&&&&&&&&&&&&

<u>കിണറിൽ വീണയാളെ രക്ഷപ്പെടുത്തി.</u>

കോഴിക്കോട് നന്തി ബസാറിലെ വീട്ടിനോട് ചേർന്നുള്ള കിണറിൽ വീണ, അസം സ്വദേശിയായ അഗസ്റ്റിൻ ബിർളയെ അഗ്നിരക്ഷാസേന രക്ഷപ്പെടുത്തി. റെസ്ക്യൂ നെറ്റ് ഇറക്കിയാണ് ആളെ പുറത്തെത്തിച്ചത്. കണ്ണൂർ ഉളിക്കൽ വയത്തൂരിൽ കിണർ വൃത്തിയാക്കാനിറങ്ങിയ തൊഴിലാളിക്ക് വടം പൊട്ടിവീണ് പരിക്കേറ്റു. കാൽമുട്ടിന് പരിക്കേറ്റ മൂസാൻ കുളങ്ങരയെ അഗ്നിരക്ഷാ സേന രക്ഷപ്പെടുത്തി, ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

RNUTVPM

&&&&&&&&&&&&&&&&&

<u>നിതിൻ രാജ്</u>

അഞ്ചരക്കണ്ടി ഡെന്റൽ കോളേജിലെ ബി.ഡി.എസ് വിദ്യാർത്ഥി നിതിൻ രാജിന്റെ മരണത്തിന് ഉത്തരവാദികളായവരെ ഇനിയും പിടികൂടാൻ സാധിച്ചിട്ടില്ലെന്ന് പിതാവ് രാജൻ. അന്വേഷണം ശരിയായ ദിശയിലല്ലെങ്കിൽ ഹൈക്കോടതിയെ സമീപിക്കുമെന്നും അദ്ദേഹം കണ്ണൂരിൽ മാധ്യമപ്രവർത്തകരോട് പറഞ്ഞു. അതിനിടെ കേസ് അന്വേഷണം ക്രൈംബ്രാഞ്ചിന് വിട്ടിരിക്കുകയാണ്.

&&&&&&&&&&&&&&&&&

## സചേത് -ആഭ്യന്തരമന്ത്രി

മൊബൈൽ അധിഷ്ഠിത ദേശീയ ദുരന്ത ജാഗ്രതാ സംവിധാനത്തിന് നാളെ ആഭ്യന്തരമന്ത്രി അമിത്ഷാ തുടക്കം കുറിക്കും. ടെലികമ്യൂണിക്കേഷൻ വകുപ്പ് ദേശീയ ദുരന്ത നിവാരണ അതോറിറ്റിയുമായി ചേർന്നാണ് സംവിധാനം വികസിപ്പിച്ചത്. ദുരന്ത സാഹചര്യങ്ങളിൽ അപ്പപ്പോൾ വിവരങ്ങൾ മൊബൈലിലൂടെ ലഭ്യമാകും. 'സചേത്' എന്ന പേരിൽ ദുരന്ത നിവാരണ അതോറിറ്റി സമഗ്ര ജാഗ്രതാ സംവിധാനം ഇതിനകം പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. സുനാമി, ഭൂകമ്പം, ഇടിമിന്നൽ, എന്നിവയടക്കം ദുരന്ത സാഹചര്യങ്ങളിൽ ജനങ്ങൾക്ക് മുന്നറിയിപ്പ് നൽകുന്ന സംവിധാനം നാളെ മുതൽ രാജ്യവ്യാപകമായി ലഭിച്ചുതുടങ്ങും. 19 ഇന്ത്യൻ ഭാഷകളിൽ സന്ദേശങ്ങൾ ലഭ്യമാകും.

&&&&&&&&&&&&&&&&&

&&&&&&&&&&&

&&&

RNUTVPM